# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 916 12.12.2012 - ൽ മറുപടിക്ക്

## തിരുവനന്തപുരം നഗരത്തിലെ സ്വീവറേജ് പദ്ധതി

| ചോദ്യം<br>ശ്രീ. വി. ശിവൻകുട്ടി | മറുപടി<br>പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) തിരുവനന്തപുരം നഗരത്തിൽ എത്ര നഗരസഭാ വാർഡുകളിൽ ഇപ്പോൾ സ്വീവറേജ് പദ്ധതി നിലവിലുണ്ട്; അവ ഏതൊക്കെയാണ്; | (എ) 30 വാർഡുകളിൽ സ്വീവറേജ് പദ്ധതി നിലവിലുണ്ട്.<br>പൂർണ്ണമായി നിലവിലുള്ളത്<br>വഴുതക്കാട്, പാളയം, പേരൂർക്കട, പൂജപ്പുര, കേശവദാസപുരം, പട്ടം, മുട്ടട, നന്തൻകോട്, മെഡിക്കൽ കോളേജ്, കണ്ണമ്മൂല, വട്ടിയൂർക്കാവ്, കവടിയാർ, കുറവൻകോണം, കുന്നുകുഴി, തെയ്ക്കാട്, വലിയശാല, കരമന, ആറന്നൂർ, മുടവൻമുഗൾ, നെടങ്കാട്, കമലേശ്വരം, കളിപ്പാൻകുളം, ചാല, മണക്കാട്, കുര്യാത്തി, ശ്രീകണ്ഠേശ്വരം, ശ്രീവരാഹം, ഫോർട്ട് തമ്പാനൂർ, വഞ്ചിയൂർ പെരുന്താന്നി, പാൽകുളങ്ങര, പേട്ട.<br>ഭാഗികമായി നിലവിലുള്ളത്<br>ജഗതി, കാലടി, ആറ്റുകാൽ, ചാക്ക, പാങ്ങോട്, വള്ളക്കടവ്, ഉള്ളൂർ, വട്ടിയൂർക്കാവ്. |
| (ബി) പ്രസ്തുത പദ്ധതി നിലവിലില്ലാത്ത വാർഡുകൾ ഏതൊക്കെയാണെന്നു വ്യക്തമാക്കുമോ; | (ബി) പാങ്ങോട്, ഉള്ളൂർ, (ഭാഗികം), പി.ടി.പി. തിരുമല, വട്ടിയൂർക്കാവ് (ഭാഗികം), മേലാങ്കോട്, പുഞ്ചക്കരി, പൂങ്കുളം, മുല്ലൂർ, വെങ്ങാനൂർ, കോട്ടപ്പുറം, പൊന്നുമംഗലം, നേമം, തൃക്കണ്ണാപുരം, കരിക്കകം, കടകംപള്ളി, അണമുഖം, ഇടവക്കോട്, നാലാഞ്ചിറ, ആക്കുളം, പോങ്ങുംമൂട്, ചെറുവക്കൽ, പൗണ്ട്കടവ്, പള്ളിത്തുറ, കുളത്തൂർ, ആറ്റിപ്ര, പാച്ചല്ലൂർ, വെള്ളാർ, എസ്റ്റേറ്റ്, പാപ്പനംകോട്, തിരുവല്ലം. |
| (സി) പ്രസ്തുത വാർഡുകളിൽ പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (സി) പാങ്ങോട്, പി.ടി.പി. തിരുമല, വട്ടിയൂർക്കാവ്, ഉള്ളൂർ ഭാഗങ്ങളിൽ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ ജൻറം പദ്ധതി പ്രകാരം കരിക്കകം, കടകംപള്ളി, അണമുഖം, ഇടവക്കോട്, നാലാഞ്ചിറ, ആക്കുളം, പോങ്ങുംമൂട്, ചെറുവക്കൽ, പൗണ്ട്കടവ്, പള്ളിത്തുറ, കുളത്തൂർ, ആറ്റിപ്ര, ഉള്ളൂർ, പാച്ചല്ലൂർ, വെള്ളാർ, പൊന്നുമംഗലം, മേലാംകോട്, എസ്റ്റേറ്റ്, |

നേമം. പാപ്പനംകോട്, തിരുവല്ലം. പുഞ്ചക്കരി. പൂങ്കുളം എന്നീ വാർഡുകളിലും ആറ്റുകാൽ മേഖലകളിലും തീരദേശ മേഖലകളിൽപ്പെട്ട എഫും ജിയും ബ്ലോക്കുകളിലും മുമ്പ് പണി പൂർത്തിയാകാതെ ഉപേക്ഷിച്ചിരുന്ന കൽപകനഗർ പമ്പ് ഹൗസും അനുബന്ധ പൈപ്പുലൈനുകളും സ്ഥാപിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

(ഡി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഡി) തിരുവനന്തപുരം സ്വീവറേജ് പദ്ധതി എ.ബി.സി.ഡി.ഇ.എഫ്.ജി എന്നീ ബ്ലോക്കുകൾ ഉൾപ്പെടുന്നതാണ്. എ. ബി. സി. ഡി കമ്മീഷൻ ചെയ്ത പ്രദേശങ്ങളും ഇ. എഫ്, ജി എന്നീ ഭാഗങ്ങൾ പദ്ധതി നടപ്പിലാക്കാനുള്ള പ്രദേശങ്ങളുമാണ്. എഫും ജിയും ബ്ലോക്കിലെ പദ്ധതി നടപ്പിലാക്കുന്നത് ജൻറം ആണ്.

തിരുവനന്തപുരം സ്വീവറേജ് പ്രോജക്ട് സ്കീം 1980-ലെ ഭരണാനുമതി അടിസ്ഥാനത്തിലാണ് നടപ്പിലാക്കി വന്നിരുന്നത്. 2010-ൽ ഈ ഭരണാനുമതി റദ്ദാക്കിയിരുന്നു. എന്നാൽ ജഗതി ജംഗ്ഷൻ മുതൽ കിള്ളി ആറ് വരെ 458 മീറ്റർ പൈപ്പ്ലൈൻ സ്ഥാപിക്കാനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഈ ഭാഗത്തെ പണി ആരംഭിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബാക്കി പ്രദേശത്തെ പണികൾക്കായി 56 കോടി രൂപയുടെ പ്രത്യേക പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

ഭരണാനുമതി ലഭ്യമായാൽ പാങ്ങോട്, പി.ടി.പി, തിരുമല. വട്ടിയൂർക്കാവ് ഭാഗങ്ങളും ഡി ബ്ലോക്കിലെ ബാക്കി വരുന്ന പ്രദേശങ്ങളായ കേശവദാസപുരം. ഉള്ളൂർ. പട്ടം. പേരൂർക്കട ഭാഗങ്ങ ളിലും സ്വീവറേജ് പദ്ധതി നടപ്പിലാക്കാൻ കഴിയും. കൂടാതെ ജൻറം പദ്ധതി പ്രകാരം സ്വീവറേജ് പദ്ധതി നിലവിലില്ലാത്തതും സ്ഥലം ലഭ്യമായതും ഭാഗികമായി കമ്മീഷൻ ചെയ്യാൻ കഴിയുന്നതുമായ വാർഡുകളായ കരിക്കകം. കടകംപള്ളി. അണമുഖം. ഇടവക്കോട്, നാലാഞ്ചിറ. ആക്കുളം. പോങ്ങുംമൂട്, ചെറുവക്കൽ, പൗണ്ട്കടവ്. പള്ളിത്തുറ. കുളത്തൂർ. ആറ്റിപ്ര. ഉള്ളൂർ. പാച്ചല്ലൂർ. വെള്ളാർ എന്നിവിടങ്ങളിൽ ഒന്നാം ഘട്ടമായും സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായാൽ പൊന്നുമംഗലം. മേലാംകോട്. എസ്റ്റേറ്റ്. നേമം. പാപ്പനംകോട്. തിരുവല്ലം. പുഞ്ചക്കരി. പൂങ്കുളം എന്നീ വാർഡുകളിലും സ്വീവേജ് പദ്ധതി നടപ്പാക്കുന്നതാണ്.

ഇതിനു പുറമേ ആറ്റുകാൽ മേഖലകളിലും സ്വീവേജ് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ഈ ഭാഗത്ത് നിലവിൽ 4 പമ്പ്ഹൗസിന് വേണ്ടി സ്ഥലം അക്വിസിഷൻ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

തീരദേശമേഖലകളിൽപ്പെട്ട എഫ്. ജി ബ്ലോക്ക് ആദ്യഘട്ടമായി 4 പമ്പിംഗ് സ്റ്റേഷൻ സ്ഥാപിച്ച് അനുബന്ധ പൈപ്പ് ലൈനും സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടി പൂർത്തിയായി വരുന്നു. മുമ്പ് പണി പൂർത്തിയാകാതെ ഉപേക്ഷിച്ചിരുന്ന കൽപക നഗർ പമ്പ് ഹൗസും അനുബന്ധ പൈപ്പുലൈനുകളും സ്ഥാപിക്കാനുള്ള ടെണ്ടർ നടപടിയും പൂർത്തിയായി വരുന്നു.

സെക്ഷൻ ഓഫീസർ